O/C

ഭരണഭാഷ - മാതൃഭാഷ

ചീഫ് എൻജിനീയറുടെ കാര്യാലയം
തദ്ദേശ സ്വയംഭരണ വകുപ്പ്
റവന്യു കോംപ്ലക്സ്, മൂന്നാം നില
പബ്ലിക്ക് ആഫീസ് ബിൽഡിംഗ്,
തിരുവനന്തപുരം-33

Phone : 0471-2324951
0471-2325071
Tele FAX:0471-2324951
email: celsgd@gmail.com
website: www.celsgd.com

നം.ഡിബി3-9058/17/സിഇ/തസ്വഭവ

തീയതി : 16.03.2018

പ്രേഷകൻ

ചീഫ് എൻജിനീയർ

സ്വീകർത്താവ്

അഡീഷണൽ ചീഫ് സെക്രട്ടറി,
തദ്ദേശസ്വയംഭരണ വകുപ്പ്,
തിരുവനന്തപുരം

സർ,

വിഷയം:- തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.റ്റി ഈടാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) GO(P) No. 30/2016/fin dated 29.02.2016
2) CGST Notifications
3) സർക്കാർ കത്ത് നം. തസ്വഭവ/ഡിഎ1/132/2018/തസ്വഭവ തീയതി 07.02.2018

ദയവായി സൂചനകൾ ശ്രദ്ധിച്ചാലും. തദ്ദേശസ്വയംഭരണ വകുപ്പിൽ പല പൊതുമരാമത്ത് പ്രവൃത്തികളും ഗുണഭോക്തൃ സമിതികൾ മുഖേനയാണ് നടപ്പിലാക്കി വരുന്നത്. ടി ഗുണഭോക്തൃ സമിതി കണവീനർമാർ ജി.എസ്.റ്റി രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ടോ എന്നതു സംബന്ധിച്ച് ഒരു സ്പഷ്ടീകരണം നൽകണമെന്നാണ് പത്തനംതിട്ട ജില്ലാ കളക്ടർ അഭ്യർത്ഥിച്ചിരിക്കുന്നത്.

GST കേന്ദ്ര സർക്കാരിന്റെ നിയമങ്ങളും ചട്ടങ്ങളുമാണ്. ടി വിഷയത്തിൽ സംസ്ഥാനത്തിന് നടപടി എടുക്കാൻ സാധിക്കുന്നതല്ല. Central GST വകുപ്പിന്റെ നോട്ടിഫിക്കേഷൻ പ്രകാരം 20 ലക്ഷം രൂപയിൽ കുറവ് annual turnover ഉള്ളവർക്ക് GST രജിസ്ട്രേഷൻ നിർബന്ധമല്ല. തദ്ദേശസ്വയംഭരണ വകുപ്പിൽ 5 ലക്ഷത്തിൽ താഴെ അടങ്കൽ ഉള്ള പ്രവൃത്തികളാണ് ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്നത്. GST രജിസ്ട്രേഷൻ സൗജന്യമായി ഓൺലൈനിൽ ചെയ്യാൻ സാധിക്കുന്നതിനാൽ എല്ലാ കോൺട്രാക്ടർമാർക്കും/ കൺവീനർമാർക്കും ടി രജിസ്ട്രേഷൻ എടുക്കാവുന്നതും പിന്നീട് റദ്ദ് ചെയ്യാവുന്നതുമാണ്. മിക്ക ഗുണഭോക്തൃ സമിതി കൺവീനർമാരും ഒരു പ്രവൃത്തിക്ക് വേണ്ടി മാത്രം തെരഞ്ഞെടുക്കപ്പെടുന്നവർ ആണെങ്കിലും temporary GST രജിസ്ട്രേഷൻ എടുക്കുന്നത് ഉചിതമായിരിക്കും എന്ന് അഭിപ്രായപ്പെടുന്നു. എങ്കിൽ തന്നെയും ടി വിഷയത്തിൽ ഒരു സ്പഷ്ടീകരണം സംസ്ഥാന GST department ൽ നിന്നും ലഭ്യമാക്കാവുന്നതാണ്.

സൂചന (1) നം. ഉത്തരവ് പ്രകാരം Beneficiary committee വഴി നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ്ജ് നൽകാമെന്നും, Beneficiary committee കൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് ആവശ്യമായ നികുതികൾ ടി Beneficiary committee കളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. നിലവിൽ Beneficiary committee കൾ നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ 7.50% overhead charge ഉൾപ്പെട്ട നിരക്കാണ് PRICE Software ൽ വിഭാവനം ചെയ്തിരിക്കുന്നത്. ടി സമയത്ത് 5% VAT ആണ് നിലവിലുണ്ടായിരുന്നത്. 01.07.2017 മുതൽ VAT നു പകരം GST നിലവിൽ വന്നതിനാൽ VAT ന്റെ 5% നികുതി ഒടുക്കേണ്ടതില്ല. PRICE Software ൽ Beneficiary committee കൾ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ മാറ്റങ്ങൾ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇപ്പോൾ VAT (5%) നിലവിലില്ലാത്ത സാഹചര്യത്തിൽ ടി 5% തുക കുറവ് ചെയ്ത് ബിൽ നൽകിയാൽ മതിയാകുന്നതാണ്. പരമാവധി 5 ലക്ഷം രൂപ വരെയുള്ള പ്രവൃത്തികൾ മാത്രമേ Beneficiary committee മുഖേന നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. കൺവീനർമാർ GST അടയ്ക്കേണ്ട സാഹചര്യം ഇല്ലാത്തതിനാൽ GST compensation നൽകേണ്ടതില്ല എന്നും അഭിപ്രായപ്പെടുന്നു. ഏതെങ്കിലും സാഹചര്യത്തിൽ കൺവീനർമാർ GST അടവാക്കിയിട്ടുണ്ടെങ്കിൽ compensation ആ സമയത്ത് പരിഗണിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,

(ഒപ്പ്)

**ചീഫ് എൻജിനീയർ**

DESPATCHED
on 17-3-18

ബിഒഎ